**നം.കെ.എസ്.എ.പി.റ്റി.എ.പി.11/623/2019**
**തീയതി:16.08.2019**

**പത്തനംതിട്ട ജില്ലയിലെ ഉമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ട ജില്ലയിലെ ഉമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 25.09.2018 മുതൽ 05.07.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 31.03.2019 വരെയുള്ള വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

9 അന്വേഷണക്കുറിപ്പ് നൽകിയതിൽ 6 അന്വേഷണ കുറിപ്പിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽനിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** | **പി.കെ.വിജയലക്ഷ്മി<br>ഡെപ്യൂട്ടി ഡയറക്ടർ** |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | **11.07.2019 മുതൽ 23.07.2019 വരെ** |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം** | **ശ്രീമതി വീണ.സി., (അസ്സി.ഓഡിറ്റ് ഓഫീസർ )<br>ശ്രീ.ഹരികുമാർ.,ബി (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ.സുനിൽകുമാർ.യു.എസ്., (ഓഡിറ്റർ)** |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സഖറിയാവർഗ്ഗീസ് | 01.04.18 - 31.03.19 |
| സെക്രട്ടറി | ശ്രീ.ജയരാജ്.ബി | 01.04.18 – 06.10.18 |
| | ശ്രീമതി ബിന്ദു.സി, (എച്ച്.സി.ഇൻ ചാർജ്) | 07.10.18 – 08.10.18 |

| | | |
|---|---|---|
| | ഇൻ ചാർജ്ജ് | |
| | ശ്രീ.അൻസാരി.എസ് | 09.10.18-31.03.19 |
| അസ്സി.എഞ്ചിനീയർ | ശ്രീ.എം.എ.മോഹൻകുമാർ | 01.04.18-31.03.19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.നിസ്സാമുദ്ദീൻ.എസ് | 01.04.18-31.03.19 |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ധന്യ.കെ | 01.04.18-31.03.19 |
| കൃഷി ഓഫീസർ | ശ്രീമതി പുഷ്പ.എസ് | 01.04.2018-31.03.2019 |
| വെറ്ററിനറി സർജൻ | ഡോ.കെ. അനുപമ | 01.04.18-31.03.19 |
| എെ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി രാധാമണി | 01.04.18-04.09.18 |
| | ശ്രീമതി അഖിലാ മധു | 05.09.18-31.03.19 |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി രാജശ്രീ | 01.04.18-31.03.19 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ശ്രീകല.കെ.ആർ | 01.04.2018-31.03.19 |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | ഡോ.ഹേമ.എൽ | 01.04.18-26.07.18 |
| | ഡോ.മഞ്ചു.ജി.എൽ | 27.07.18-31.03.19 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതിചന്ദ്രലേഖ.എൽ | 01.04.18-31.03.19 |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2018-19

3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2018-19

4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2018-19

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം 1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | **ഭാഗം II – വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന കെട്ടിടം ക്രമവൽക്കരിക്കേണ്ടതാണ്. | 2-1 |
| 14 | ടെണ്ടർ ഫീസ് തിരികെ ഈടാക്കുന്നില്ല | 2-2 |
| 15 | എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-3 |
| 16 | ഓൺലൈൻ വസ്തു നികുതി അടവാക്കുന്നതിലെ പിഴവ്-പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 2-4 |
| 17 | വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെഎണ്ണവും തമ്മിൽ ഗണ്യമായ അന്തരം | 2-5 |
| | **ഭാഗം III – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | | |

| | | |
|---|---|---|
| 18 | ഐ.എസ്.ഒ 9001:2005സർട്ടിഫിക്കേഷൻ കരസ്ഥമാക്കി-പഞ്ചായത്ത് മികവിന്റെ പാതയിൽ | 3-1 |
| 19 | തെരുവ് വിളക്ക് റിപ്പയറിംഗിന് സാധനങ്ങൾ വാങ്ങൽ-നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 20 | പഞ്ചായത്ത് പരിധിയിൽ അനധികൃത ശ്മശാനം പ്രവർത്തിക്കുന്നു | 3-3 |
| 21 | പാലിന് സബ്സിഡി-ആനുപാതികമായ തുക വകയിരുത്തിയില്ല | 3-4 |
| 22 | മരുന്ന് വാങ്ങൽ പദ്ധതി-മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 3-5 |
| 23 | എൻ.ആർ.ഇ.ജി.എസ്സ്-അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചിട്ടില്ല | 3-6 |
| 24 | ക്വട്ടേഷൻ കൂടാതെ വാങ്ങൽ നടത്തിയത് ക്രമവിരുദ്ധം | 3-7 |
| 25 | അഗതി രഹിത കേരളം പദ്ധതി-ലഘു അവലോകനം | 3-8 |
| 26 | പൊതുമരാമത്ത് പ്രവൃത്തികൾ-വകയിരുത്തിയ തുകയുടെ 60ശതമാനം ചെലവഴിച്ചില്ല | 3-9 |
| 27 | നിക്ഷേപ പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-10 |
| | ഭാഗം IV – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 30 | മൊബലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| | | |

| | | |
|---|---|---|
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19വർഷത്തെ ബജറ്റ് 09.03.2018-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത് 08.02.2019ലെ I-ാം നമ്പർ തീരുമാന പ്രകാരം റിവെസ് ചെയ്തിട്ടുണ്ട്. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 2401658 | 3085417 | 683759 | |
| വരവ് | 50385524 | 34103077 | | 16282447 |
| ആകെ | 52787182 | 37188494 | | 15598688 |
| ചെലവ് | 51607901 | 30686618 | | 20921283 |
| നീക്കിയിരിപ്പ് | 1179281 | 6501876 | 5322595 | |

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

| **ഉത്തരവാദി** | **നടപടി ക്രമം** | **സമയം** |
|---|---|---|
| സെക്രട്ടറി | ഘടകസ്ഥാപന മേധാവികളുടെ യോഗം | ഡിസംബർ 15-ന് മുൻപ് |
| | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് |
| ഘടക സ്ഥാപന മേധാവി | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2018ജനുവരി 22-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2018ഫെബ്രുവരി 1-ന് മുൻപ് |

സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ്കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളത്. 1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214

പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും, ത.സ്വ.ഭ.വ ന്റെ 02.12.2016ലെ ജി.ഒ(ആർ.ടി) 3291/2016 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 27.04.2019 |

## 1-3 വാർഷിക ധനകാര്യപത്രികയ്ക്ക് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2018-19വർഷത്തെ വാർഷിക ധനകാര്യ പത്രികയിന്മേലുള്ള സാക്ഷ്യപത്രം (വിശേഷണങ്ങളോടു കൂടിയത്) 09.07.2019ലെ കെ.എസ്.എ.പി.റ്റി.എ.പി1.602(43)ാം നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3085417 |
| വരവ് | 34103077 |
| ആകെ | 37188494 |
| ചെലവ് | 30686618 |
| നീക്കിയിരിപ്പ് | 6501876 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | | 7242566 | 7242566 | 6364443 | 878123 |
| വികസനഫണ്ട്-എസ്.സി.പി. | | 4359000 | 4359000 | 4359000 | ഇല്ല |
| വികസനഫണ്ട്-ടി.എസ്.പി. | | 9000 | 9000 | - | 9000 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | | 4320000 | 4320000 | 4207288 | 112712 |
| മെയിനൻസ് ഗ്രാന്റ് - നോൺറോഡ് | | 2780001 | 2780001 | 1503903 | 1276098 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 3617693 | 3617693 | 1172616 | 2445077 |
| എസ്.ബി.എെ. ലിറ്ററസി | 6894 | 244 | 7138 | - | 7138 |
| എം.എൻ.ആർ.ഇ.ജി.എസ്. | 139385 | 486368 | 625753 | 477859 | 147894 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ട്രഷറി റ്റി.എസ്.ബി. ജോയിന്റ് വെഞ്ചർ | 13924 | 2260315 | 2274239 | 1206847 | 1067392 |
| കറന്റ് അക്കൗണ്ട് | 29170 | 45465 | 74635 | 649 | 73986 |
| ബി-ഫണ്ട് | - | 17089700 | 17089700 | 17089700 | - |
| തനത് ഫണ്ട് | 2668519 | 4573094 | 7241613 | 3326819 | 3914794 |
| ട്രഷറി ടി.എസ്സ്.ബി | 142719 | 6103463 | 5960744 | 4810467 | 1150277 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 140 | 108 | - | 32 | 77.14 |

<u>പദ്ധതി നിർവ്വഹണ വിവരങ്ങൾ</u>

| മേഖല | അംഗീകരിച്ച പ്രൊജക്ടുകൾ | | നടപ്പിലാക്കിയ പ്രൊജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 21 | 3778699 | 19 | 3282921 | 86.88 |
| സേവനം | 71 | 18294940 | 59 | 12553713 | 68.62 |
| പശ്ചാത്തലം | 48 | 9994679 | 30 | 5430336 | 54.33 |
| ആകെ | 140 | 32068318 | 108 | 21266970 | 66.32 |

# 1-7 തൊഴിലുറപ്പു പദ്ധതി

തൊഴിലുറപ്പ പദ്ധതിയിലെ തൻവർഷത്തെ വരവു ചെലവു വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ(തനത് ഫണ്ടിൽ നിന്നും നൽകിയതുൾപ്പെടെ) | 139385 | 869595 | 1008980 | 861085.5 | 147894.5 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (EFMS) | ഇല്ല | 5570968 | 5570968 | 5570968 | ഇല്ല |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ | ഗുണഭോക്താക്കളുടെ | ചെലവഴിച്ച |
|---|---|---|

| പേര് | എണ്ണം | തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 89 | 1154100 |
| വാർദ്ധക്യകാല പെൻഷൻ | 832 | 10371400 |
| വിധവാ പെൻഷൻ | 346 | 4218000 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16 | 193200 |
| വികലാംഗ പെൻഷൻ | 86 | 1111000 |
| തൊഴിൽ രഹിത വേതനം | 24 | 42000 |
| **ആകെ** | | **17089700** |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2019 03.30 pm-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 367 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സ്റ്റോക്ക് രജിസ്റ്റർ ,തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ എന്നിവയുടെ പരിപാലനം തൃപ്തികരമല്ല . കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ ഇലക്ട്രിക്ക് സാധനങ്ങൾ ചേർക്കാൻ വിട്ടു പോയതായും രജിസ്റ്ററിൽ തെറ്റായി വിവരങ്ങൾ രേഖപ്പെടുത്തിയതായും ഓഡിറ്റ് വേളയിൽ കണ്ടെത്തുകയുണ്ടായി. തെരുവ് വിളക്കുകളുടെ മെയിന്റനൻസ് സംബന്ധിച്ചും രജിസ്റ്ററുകൾ പ്രത്യേകമായി സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് സംബന്ധിച്ചും അൺസർവ്വീസബിൾ ഐറ്റംസ് സംബന്ധിച്ചും പ്രത്യേകം രജിസ്റ്ററുകൾ തയ്യാറാക്കുകയും പ്രസ്തുത രജിസ്റ്ററുകളിലെ കണക്കുകൾ പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.05.19-25.05.19 | ഫെബ്രുവരി,മാർച്ച്, ഏപ്രിൽ 2019 | 15.06.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.09.2013 | 2008-09 - 2012-13 | 28.10.2013 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ ന്യൂനത ചുവടെ ചേർക്കുന്നു.

26.07.2011ലെ ജി.ഒ (എം.എസ്)152/2011ാം നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തീകരിച്ചിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിയമ വിരുദ്ധമായി പ്രവർത്തിയ്ക്കുന്ന കെട്ടിടം ക്രമവൽക്കരിക്കേണ്ടതാണ്

അഞ്ചാം വാർഡിൽ പല്ലാകുഴി ജംഗ്ഷനിൽ ശ്രീമതി.ഏലി പത്രോസ്, ഷിബിൻ വില്ല എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തോട് ചേർന്ന് അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- ഈ കെട്ടിടത്തിൽ നിലവിലെ പഞ്ചായത്തിന്റെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 9 മുറികളാണുള്ളത്. ഇതിൽ V/162, V/164, V/165, V/166, V/167, V/168 എന്നിവയുടെ ഉപയോഗക്രമം വാണിജ്യാവശ്യമാണ്. എന്നാൽ ഇതിൽ V/162, V/163 എന്നീ മുറികളുടെ വിനിയോഗ ക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഇവ രണ്ടും നിലവിൽ ലോഡ്ജുകളായണ് പ്രവർത്തിയ്ക്കുന്നത്.
- ഇതിൽ V/165 എന്ന കടമുറിയിൽ നിലവിൽ ഒരു വർക്ക് ഷോപ്പാണ് പ്രവർത്തിയ്ക്കുന്നത്. ഇതിന്റെ വിനിയോഗക്രമം വാണിജ്യത്തിൽ നിന്നും വ്യാവസായികത്തിലേക്ക് മാറിയിട്ടുണ്ട്.
- V/164-ാം നമ്പർ കടമുറിയിൽ പ്രവർത്തിയ്ക്കുന്ന ഹോട്ടലിന് മുൻപിലായി റോഡിലേക്ക് ഇറക്കി പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 (b) ലംഘിച്ച് അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ട്.
- കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോട്ടൽ, ലോഡ്ജ് എന്നിവയിൽ നിന്നും പുറംതള്ളുന്ന മലിനജലം സംസ്കരിക്കാൻ മാർഗ്ഗമില്ല. കെട്ടിടം സ്ഥിതി ചെയ്യുന്ന ജംഗ്ഷന് തെക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന സെന്റ്:ഗ്രിഗോറിയോസ് ചാപ്പലിന് മുന്നിലൂടെ ഒഴുകുന്ന മൈനർ ഇറിഗേഷൻ കനാലിലേക്കാണ് ഈ സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലം ഒഴുക്കിവിടുന്നത്. ഇത് കനാലിൽ കെട്ടിക്കിടന്ന് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി സമീപവാസികൾ പഞ്ചായത്തിന് രേഖാ മൂലം പരാതി നൽകിയിട്ടുണ്ട്.

മേൽ സൂചിത പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയിരുന്നെങ്കിലും ഇവ പരിഹരിക്കാൻ കെട്ടിട ഉടമ തയ്യാറായിട്ടില്ല. തുടർന്ന് 27.03.2019 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി ടി കെട്ടിടത്തിന്റെ വിനിയോഗം ക്രമവൽക്കരിക്കുന്നതുവരെയും മാലിന്യസംസ്കരണത്തിന് ക്രമീകരണം ഉണ്ടാക്കുന്നതുവരെയും അനധികൃത കെട്ടിടമായി പരിഗണിച്ച് അനധികൃത കെട്ടിട നമ്പർ നൽകി അധിക നികുതി ഈടാക്കുന്നതിനും നിലവിൽ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നിഷേധിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും തുടർനടപടികൾ ഉണ്ടായിട്ടില്ല. ആയതിനാൽ അടിയന്തിരമായി ഈ വിഷയത്തിൽ അപാകതകൾ പരിഹരിച്ച് കെട്ടിടം ക്രമവൽക്കരിക്കുന്നതുവരെ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235(എ) വകുപ്പ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ച് അനധികൃത കെട്ടിട നമ്പർ നൽകി ഉടമസ്ഥനിൽ നിന്ന് അധിക നികുതി ഈടാക്കേണ്ടതാണ്.

## 2-2 ടെണ്ടർ ഫീസ് തിരികെ ഈടാക്കുന്നില്ല

28.09.2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ നികുതിയേതര വരുമാനമിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2018-19 ൽ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത ടെണ്ടർ ഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റുകളുടെ | ഒടുക്കിയ | തിരികെ | ബാലൻസ് |
|---|---|---|---|---|

| | എണ്ണം | ടെണ്ടർഫീ | ലഭിച്ച തുക | |
|---|---|---|---|---|
| 2018-19 | 30 | 47580 | - | 47580 |

മുൻവർഷങ്ങളിൽ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസിൽ(204127 രൂപ) നാളിതുവരെ ഗ്രാമ പഞ്ചായത്തിന് യാതൊരു തുകയും തിരികെ ലഭിച്ചിട്ടില്ല. തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാസമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാത്തതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ടെണ്ടർ ഫീസ് തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-3 എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് നികുതി വരുമാനമാണ് തൊഴിൽനികുതി. 2018-19 സാമ്പത്തിക വർഷം ജീവനക്കാരുടെയും, വ്യാപാരികളുടെയും തൊഴിൽനികുതി ഇനത്തിൽ യഥാക്രമം 770220രൂപയും 96010രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പരിപാലിച്ചു വരുന്ന രജിസ്റ്റർ പ്രകാരം 100%നികുതി ഈടാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഡിമാന്റിൽ ഉൾപ്പെടാതെ പോകുന്ന ധാരാളം വ്യക്തികൾ പഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്യുണ്ടെന്ന് വ്യക്തമായി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**<u>എ)കോൺട്രാക്ടർമാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല</u>**

പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പരാമർശിച്ചിരുന്നെങ്കിലും തൻവർഷവും ഈ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | നികുതി ഈടാക്കാനുള്ള വർഷം | കരാറുകാരന്റെ പേര് | നികുതി ഈടാക്കാനുള്ള വർഷം |
|---|---|---|---|
| ശ്രീ.കെ.ജി വിൽസൺ | 2017-18 | ശ്രീ.ഇ.ഷൗക്കത്തലി | 2018-19 |
| ശ്രീ.കുര്യൻ കോശി | | ശ്രീ.സോമനാഥ കുറുപ്പ് | |
| ശ്രീ.ഇ.ഷൗക്കത്തലി | | ശ്രീ.എസ്.മുരളീധരൻ ആചാരി | |
| ശ്രീ.പി.കെ.മുരളീധരകുറുപ്പ് | | ശ്രീ.വിനോദ് കുമാർ.വി | |
| ശ്രീ.വിനോദ് കുമാർ.വി | | ശ്രീ.കുര്യാക്കോസ് ദാസ് | |
| ശ്രീ.കെ.ജെ.ബിജു | | ശ്രീ.കെ.ജി വിൽസൺ | |
| ശ്രീ.വിനീത്കുമാർ.സി.ജെ | | ശ്രീ.വി.റ്റി.വിശ്വനാഥപിള്ള | |
| ശ്രീ.സുനിൽ മാത്യൂ | | ശ്രീ.കെ.ജെ.ബിജു | |
| ശ്രീ.ഹരികൃഷ്ണൻ | | ശ്രീ.പി.കെ.മുരളീധരകുറുപ്പ് | |
| ശ്രീ.രാജേഷ്.കെ | | | |

പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**ബി) <u>റേഷൻ റീട്ടെയിൽ ജീവനക്കാർ, ക്ഷീരസംഘങ്ങളിലെ ജീവനക്കാർ എന്നിവരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല</u>**

ഗ്രാമപഞ്ചായത്ത് പരിധിയിലെ റീട്ടെയിൽ റേഷൻവ്യാപാരികളിൽ നിന്നും തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ റീട്ടെയിൽ റേഷൻ വ്യാപാരികളെയും (പട്ടിക-ക്രമ നം 149) ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാൽ ഉൽപന്നങ്ങളുടെ സംഭരണം,വിൽപ്പന (പട്ടിക-ക്രമ നം 132) എന്നിവ നടത്തുന്നതിനും പഞ്ചായത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ്. റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (സി.എസ്.)എ.9-764/2019/22.01.2019 നമ്പർ കത്ത് മുഖേന ജില്ലാ ഓഫീസർമാർക്ക് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ റേഷൻ വ്യാപാരികൾ,ക്ഷീര സംഘങ്ങൾ എന്നിവരിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതിയും ലൈസൻസ് ഫീസും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ഓൺലൈൻ വസ്തു നികുതി അടവാക്കുന്നതിലെ പിഴവ് - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

വസ്തു നികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ഒരു കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം. 67174477045) ആരംഭിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 45465രൂപ ഈ ഇനത്തിൽ വരവ് വന്നിട്ടുണ്ട്. ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ സഞ്ചയാ ഓൺലൈൻ വസ്തുനികുതിയുള്ള സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന പ്രസ്തുത വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നത് ഐ.കെ.എം. ൽ നിന്നും ട്രാൻസ്ഫർ ചെയ്യുമ്പോൾ മാത്രമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയ തീയതി | രസീത് നമ്പർ | തുക | എെ.കെ.എം. ട്രാൻസാക്ഷൻ നമ്പർ | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|---|---|
| 14.04.2018 | 6041411000029 | 1915 | 20180400005522 | 19.04.2018 |
| 24.04.2018 | 6041411000030 | 2381 | 20180400009124 | 02.05.2018 |
| 30.09.2018 | 6041411000038 | 4193 | 20180900011827 | 08.10.2018 |
| 03.12.2018 | 6041411000044 | 4013 | 20181200001143 | 12.12.2018 |

ഈ ഒരു സാങ്കേതിക പിഴവ്മൂലം പഞ്ചായത്തിലെ സാംഖ്യയിലെ കണക്കുകളും (ലോക്കൽ സാംഖ്യ) സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. ഗൗരവമായ ഈ പ്രശ്നം പഞ്ചായത്തിന്റെയും ഡിഡിപിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു. ഓൺലൈൻ വസ്തു നികുതി അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയതുകൊണ്ട് പലിശ ഇനത്തിൽ പഞ്ചായത്തിന് യാതൊരു തുകയും ലഭ്യമാകാത്ത സാഹചര്യത്തിൽ കൃത്യമായ ഇടവേളകളിൽ ഈ അക്കൗണ്ടിലെ തുക പിൻവലിച്ച് തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്.

## 2-5 വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ ഗണ്യമായ അന്തരം

2018-19 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ,സഞ്ചയ പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരം എന്നിവ പരിശോധിച്ചതിൽ നിന്നും വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നതായി വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ | 202 |
| വാണിജ്യാവശ്യത്തിനുള്ള 100ച.മീ ന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ | 40 |
| വാണിജ്യാവശ്യത്തിനുള്ള 200ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 1 |
| വാണിജ്യാവശ്യത്തിനുള്ള 200ച.മീ ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ | ഇല്ല |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ,പെട്ടികടകൾ,ഫ്യുവൽ സ്റ്റേഷൻ | 6 |

| | |
|---|---|
| ഓഫീസ് ആവശ്യത്തിനുള്ളവ | 25 |
| ആശുപത്രികൾ | 6 |
| അസംബ്ലി കെട്ടിടങ്ങൾ,കൺവെൻഷൻ സെന്റർ,കല്യാണ മണ്ഡപങ്ങൾ | 8 |
| വ്യവസായ ആവശ്യത്തിനുള്ള ഷെഡ് | 26 |
| ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 10 |

2018-19 സാമ്പത്തിക വർഷം 103 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നാൽ വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ള ആകെ കെട്ടിടങ്ങളുടെ എണ്ണം 324 ആണ്. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ 31% കെട്ടിടങ്ങൾ മാത്രമെ ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എെ.എസ്.ഒ 9001:2015 സർട്ടിഫിക്കേഷൻ കരസ്ഥമാക്കി- പഞ്ചായത്ത് മികവിന്റെ പാതയിൽ.

ജില്ലയിലെ മികച്ച പഞ്ചായത്തുകളിലൊന്നായ തുമ്പമൺ ഗ്രാമ പഞ്ചായത്ത് നിലവിൽ എെ.എസ്.ഒ 9001:2008 സർട്ടിഫിക്കേഷൻ നേടിയിരുന്നു. എന്നാൽ 9001:2008 സർട്ടിഫിക്കറ്റിന്റെ കാലാവധി 20.08.2018 ൽ പൂർത്തിയാകുന്ന സാഹചര്യത്തിൽ പുതിയ എെ.എസ്.ഒ സ്റ്റാൻഡേർഡായ 9001:2015 ലേക്ക് മാറേണ്ടിയിരുന്നു. ബഹു. കേരള സർക്കാരിന്റെ 02.02.2018 ലെ GO(Rt) No.308/18/LSGD ഉത്തരവിനനുസൃതമായി ഗ്രാമപഞ്ചായത്ത് പുതുക്കിയ സ്റ്റാൻഡേർഡിലേക്ക് മാറുന്നതിനായി 22/19 ഏന്ന പദ്ധതി രൂപീകരിക്കുകയും KILA യെ കൺസൾട്ടന്റ് ആയി നിയമിച്ച് എെ.എസ്.ഒ 9001:2015 സർട്ടിഫിക്കേഷൻ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് നൽകുന്ന സേവനപ്രദാന സൗകര്യങ്ങളുടെ മികവിനെയാണ് ഇത് ചൂണ്ടിക്കാട്ടുന്നത്. സ്ഥാപനത്തിന്റെ ഗുണമേൻമ നയം, ലക്ഷ്യങ്ങൾ, ഗുണമേൻമ സംവിധാനം, സേവനങ്ങൾ ഇവയുൾപ്പെടുന്ന ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് എന്ന ലക്ഷ്യം പഞ്ചായത്ത് കൈവരിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. മികവുറ്റ സേവനം കാലവിളംബമില്ലാതെ പൗരൻമാർക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് സാധ്യമാകുന്നുണ്ടെന്നുള്ളത് അഭിനന്ദനാർഹമായ നേട്ടമാണ്.

## 3-2 തെരുവ് വിളക്ക് റിപ്പയറിംഗിന് സാധനങ്ങൾ വാങ്ങൽ- നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം :-25/2019

പ്രോജക്ടിന്റെ പേര്:-തെരുവ് വിളക്ക് റിപ്പയറിംഗ് സാധനങ്ങൾ വാങ്ങൽ

അടങ്കൽ-128715(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്:-128715

| ബിൽ നം/തീയതി | തുക |
|---|---|
| 23/28.05.2018 | 70563 |
| 67/12.07.2018 | 46419 |
| 233/25.01.2019 | 11733 |
| ആകെ | 128715 |

തെരുവ് വിളക്കുകൾ വാങ്ങുന്നതിന് ഏറ്റവും കുറച്ച് നിരക്ക് ക്വോട്ട് ചെയ്ത ഹിമാ ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്നും 26.05.2018ലും 22.01.2019ലും വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഫയലും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

1)26.05.2018ലെ ഇൻവോയ്സിൽ 600 എൽ.ഇ.ഡി ബൾബുകളുടെ തുക ഉൾപ്പെടുത്തിയിരുന്നുവെങ്കിലും 300 എൽ.ഇ.ഡി ബൾബുകൾ മാത്രമാണ് സപ്ലൈ ചെയ്തതിട്ടുള്ളത്. പ്രസ്തുത തീയതിയിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 300 എൽ.ഇ.ഡി ബൾബുകൾ മാത്രമേ സ്റ്റോക്കിലെടുത്തിട്ടുള്ളൂ. 11.07.2018ൽ ബാക്കി 300 എൽ.ഇ.ഡി ബൾബുകൾ കൂടി ലഭിച്ചിട്ടുണ്ടെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. എന്നാൽ 600 എൽ.ഇ.ഡി ബൾബുകൾക്കുള്ള തുകയായ 54000 രൂപ ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്.

2)22.01.2019ൽ സ്ഥാപനം 11733രൂപയുടെ സാധനങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെങ്കിലും സപ്ലൈ ചെയ്തിട്ടുള്ളതിലുമധികം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഇൻവോയ്സ് നം JS-339 പ്രകാരം ലഭിച്ചവ | സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ള എണ്ണം |
|---|---|---|---|
| 1 | LED bulb | 100 | 100+40=140 |
| 2 | Copper Choke 40W1 | 10 | 10 |
| 3 | Tube | - | 63 |
| 4 | Insulation Tape | 5 | 5+1=6 |
| 5 | Starter | 86 | 86+20=106 |
| 6 | Pendent holder | 100 | 100+30=130 |

സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലഭ്യമായതിലും അധികം സാധനങ്ങൾ സ്റ്റോക്കിലെടുത്തതും ക്രമ പ്രകാരമല്ല.

3)സ്റ്റോക്കിലെടുത്ത സാധനങ്ങൾ വിതരണം ചെയ്തതിന്റെ രേഖകളില്ല. തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചത് സംബന്ധിച്ച രേഖകളോ മെമ്പർമാരുടെ സാക്ഷ്യപത്രമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (6/22.07.2019)മറുപടി ലഭ്യമാക്കിയ മറുപടിയിൽ 300എൽ.ഇ.ഡി വിളക്കുകൾ 11.07.2018ൽ ലഭ്യമാക്കിയിരുന്നതായും ആയത് സ്റ്റോക്കിൽ ഉൾപ്പെടുത്താൻ വിട്ടുപോയത് എൻക്വയറി നൽകിയ വേളയിൽ ചേർത്ത് ക്രമപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. 22.01.2019ലെ സ്റ്റോക്കിൽ 1.1.2019ലെ നീക്കിബാക്കി കൂടി ഉൾപ്പെടുത്തിയതിനാലാണ് സപ്ലൈ ചെയ്തതിലും അധികം സാധനങ്ങൾ സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്താനുണ്ടായ കാരണം എന്നും നിലവിൽ സ്റ്റോക്ക് രജിസ്റ്ററിൽ കണക്കുകൾ കൃത്യമാക്കിയതായും അറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ യഥാസമയം വരുത്തേണ്ടതുമാണ്.

തെരുവ് വിളക്ക് ഉപകരണങ്ങൾ അടാട്ട് മാതൃകയിലാണ് മാറ്റി വയ്ക്കുന്നത് എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും കരാറുകാരന് കൈമാറുന്ന തെരുവ് വിളക്കുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും കണക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയത് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് സംബന്ധിച്ചും(ആവശ്യമായ എണ്ണം വിളക്കുകൾ, അനുബന്ധ ഉപകരണങ്ങൾ, റിപ്പയറിംഗ് നടത്തിയിട്ടുള്ള ഇലക്ട്രിക്ക് പോളുകളുടെ വിവരം, സാധനസാമഗ്രികളുടെ മുന്നിരിപ്പും നീക്കിയിരിപ്പും എന്നിവ) അൺസർവ്വീസബിൾ ഐറ്റംസ് സംബന്ധിച്ചും പ്രത്യേകം രജിസ്റ്ററുകൾ തയ്യാറാക്കുകയും പ്രസ്തുത രജിസ്റ്ററുകളിലെ കണക്കുകൾ പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് അധികൃതരുടെ സത്വര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# 3-3 പഞ്ചായത്ത് പരിധിയിൽ അനധികൃത ശ്മശാനം പ്രവർത്തിയ്ക്കുന്നു

പഞ്ചായത്തിലെ അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന യൗനാൻ ചാപ്പലിനോട് ചേർന്ന് 1997 ലെ കേരള പഞ്ചായത്ത് രാജ് (ശവങ്ങൾ മറവു ചെയ്യാനും ദഹിപ്പാക്കനുമുള്ള സ്ഥലങ്ങൾ) ചട്ടം പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു ശ്മശാനം പ്രവർത്തിക്കുന്നതായി ജനറൽ കമ്മിറ്റി മിനിട്ട്സ് പരിശോധനാ വേളയിൽ ശ്രദ്ധയിൽപ്പെട്ടു. 13.01.2019 ൽ അനധികൃതമായിമായി ഇവിടെ ഒരു ശവമടക്ക് നടന്നിട്ടുണ്ട്. ഇപ്രകാരം ശവമടക്ക് നടത്തുന്നതിന് കളക്ടറിൽ നിന്നും പ്രത്യേകാനുമതി ലഭിച്ചിട്ടില്ല. ഇത് കേരള പഞ്ചായത്ത് രാജ് (ശവങ്ങൾ മറവു ചെയ്യാനും ദഹിപ്പാക്കനുമുള്ള സ്ഥലങ്ങൾ) ചട്ടം 6(1), ചട്ടം 8 എന്നിവയുടെ ലംഘനമാണ്. ഇപ്രകാരം അനധികൃതമായി ശവമടക്ക് നടത്തിയത് സംബന്ധിച്ച് 5-ാം വാർഡ് നിവാസികൾ എതിർപ്പ് അറിയിച്ചുകൊണ്ട് പഞ്ചായത്തിന് പരാതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭാവിയിൽ അനധികൃത ശവസംസ്കാരങ്ങൾ ഈ സ്ഥലത്ത് വിലക്കേണ്ടതാണ്. അതോടൊപ്പംതന്നെ ഈ വിഷയത്തിൽ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-4 പാലിന് സബ്സിഡി - ആനുപാതികമായ തുക വകയിരുത്തിയില്ല

ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പാലിന് സബ്സിഡി എന്ന പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തിലുള്ള മൂന്ന് ക്ഷീരസംഘങ്ങളിൽ 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് നാല് രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത കാലയളവ് മുഴുവനും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ ഭൂരിഭാഗം സംഘങ്ങളുടെ കീഴിലുള്ളവർക്കും മൂന്ന് മാസത്തെ ആനുകൂല്യം മാത്രമേ നൽകിയിട്ടുള്ളൂ എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0057/19 |
| നിർവഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്റ്റർ |
| തൻവർഷത്തെ അടങ്കൽ | 265000 |

സംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ക്ഷീരസംഘത്തിന്റെ പേര് | സംഘത്തിൽ ഉൾപ്പെട്ട ആളുകളുടെ എണ്ണം |
|---|---|---|
| 1 | വയലിനും പടിഞ്ഞാറ് ക്ഷീരസംഘം | 43 |
| 2 | തുമ്പമൺ മുട്ടം ക്ഷീരസംഘം | 32 |
| 3 | പന്തളം ക്ഷീര വ്യവസായ സംഘം | 01 |

എല്ലാ ക്ഷീര സംഘങ്ങൾക്കും 2018 ജൂലൈ മാസം വരെ പാലളന്നതിന് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളൂ. ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യാതിരുന്നതിനാലാണ് ഭാഗികമായി മാത്രം ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വിലയിരുത്തുന്നു. പദ്ധതി ആസൂത്രണത്തിലെ പാളിച്ച ശ്രദ്ധയിൽപ്പെടുത്തുന്നു. വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതിയുടെ ലക്ഷ്യപ്രാപ്തി വിലയിരുത്തിയിട്ടില്ലെന്ന് മിനിറ്റ്സ് പരിശോധിച്ചതിൽ കണ്ടെത്തി. മോണിറ്ററിംഗ് കാര്യക്ഷമമാക്കി ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും കാര്യക്ഷമമാക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിന്റെ വിഹിതം

ലഭ്യമാക്കുന്നതിനും പരമാവധി സഹായം ക്ഷീരകർഷകർക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും തുടർന്നുള്ള വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 മരുന്ന് വാങ്ങൽ പദ്ധതികൾ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

എ)ഓഡിറ്റ് വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണഉദ്യോഗസ്ഥയായി സാന്ത്വന പരിചരണത്തിന്റെ ആവശ്യത്തിലേക്കായി മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. വികസനഫണ്ടിൽ നിന്ന് 334700രൂപ (ബിൽ നം-05/07.09.18) പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ടെങ്കിലും 292900രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. മരുന്നുകൾ യഥാസമയം ലഭിക്കാത്തത് സാന്ത്വന പരിചരണ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. അവശ്യ മരുന്നുകൾ താമസംവിനാ ലഭ്യമാക്കുന്നതിന് നിർവ്വഹണഉദ്യോഗസ്ഥ ഉചിതമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്. .

ബി)ഗവ.ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ(ആയുർവേദം) മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിഹിതത്തിൽ നിന്നും 150000രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ടെങ്കിലും 12830രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടികൾക്കായി ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 എൻ.ആർ.ഇ.ജി.എസ് - അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചിട്ടില്ല

എൻ.ആർ.ഇ.ജി.എസ്സിന് മുൻ വർഷം തനത് ഫണ്ടിൽ നിന്നും നൽകിയ മുൻകൂർ തുകയിൽ 132383 രൂപ തിരികെ ലഭിക്കുവാനുണ്ട്. ഇതോടൊപ്പം 2018-19 സാമ്പത്തിക വർഷം ചുവടെ ചേർത്തിട്ടുള്ള വൗച്ചറുകൾ പ്രകാരം 250844 രൂപ മുൻകൂർ ഇനത്തിൽ നൽകിയിട്ടുണ്ട്. ഇവ രണ്ടും ചേർത്ത് ആകെ ക്രമീകരിക്കുവാനുള്ള തുക 383227 രൂപയാണ്. ആയത് അടിയന്തിരമായി ക്രമീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

| വൗച്ചർ നം, തീയതി | ഇനം | നൽകിയ തുക | തിരികെ കിട്ടാനുള്ളത് |
|---|---|---|---|
| മുൻ വർഷം തനത് ഫണ്ടിൽ നിന്നും നൽകിയ തുകയിൽ തിരികെ കിട്ടുവാൻ ബാക്കി നിൽക്കുന്നത് | | | 132383 |
| 21800053/ 25.04.18 | എൻ.ആർ.ഇ.ജി.എസ് ഓഫീസിന്റെ 3/18 ലെ ടെലിഫോൺ ചാർജ് ഇനത്തിൽ നൽകിയ തുക | 740 | 740 |
| 21800057/ 25.04.18 | അക്രഡിറ്റഡ് എൻജിനീയറുടെ 01/18 ലെ ശമ്പളം | 25000 | 25000 |
| 21800056/ 25.04.18 | അക്രഡിറ്റഡ് എൻജിനീയറുടെ 02/18 ലെ ശമ്പളം | 25000 | 25000 |
| 21800058/ 25.04.18 | അക്രഡിറ്റഡ് എൻജിനീയറുടെ 03/18 ലെ ശമ്പളം | 25000 | 25000 |
| 21800059/ 25.04.18 | NREGS അക്കൗണ്ടന്റ്കം ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ 01/18 ലെ വേതനം | 18500 | 18500 |
| 21800060/ 25.04.18 | NREGS അക്കൗണ്ടന്റ്കം ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ 02/18 ലെ വേതനം | 18500 | 18500 |
| 21800060/ 25.04.18 | NREGS അക്കൗണ്ടന്റ്കം ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ 03/18 ലെ വേതനം | 18500 | 18500 |
| 21800112/ 21.05.18 | NREGS ഓഫിസിലേക്കാവശ്യമായ സ്റ്റേഷനറി ഇനങ്ങൾ വാങ്ങിയ ചെലവ് | 1925 | 1925 |
| 21800113/ 21.05.18 | NREG ഓവർസിയറുടെ 04/18 ലെ ശമ്പളം | 20000 | 20000 |
| 21800114/ 21.05.18 | NREGS അക്കൗണ്ടന്റ്കം ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ 04/18 ലെ വേതനം | 18500 | 18500 |
| 21800116/ 23.05.18 | എൻ.ആർ.ഇ.ജി.എസ് ഓഫീസിന്റെ 4/18 ലെ | 726 | 726 |

| | | | |
|---|---|---|---|
| | ടെലിഫോൺ ചാർജ് ഇനത്തിൽ നൽകിയ തുക | | |
| 21800149/ 04.06.18 | NREG ഓവർസിയറുടെ 04/18 ലെ ശമ്പളം | 20000 | 20000 |
| 21800150/ 04.06.18 | NREGS അക്കൗണ്ടന്റ്കം ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ 05/18 ലെ വേതനം | 18500 | 18500 |
| 21800174/ 25.06.18 | എൻ.ആർ.ഇ.ജി.എസ് ഓഫീസിന്റെ 5/18 ലെ ടെലിഫോൺ ചാർജ് ഇനത്തിൽ നൽകിയ തുക | 725 | 725 |
| 21800320/ 04.08.18 | NREGS അക്കൗണ്ടന്റ്കം ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ 07/18 ലെ വേതനം | 18500 | 18500 |
| 21800321/ 24.08.18 | NREGS ഓവർസിയറുടെ 07/18 ലെ ശമ്പളം | 20000 | 20000 |
| 21800327/ 29.08.18 | എൻ.ആർ.ഇ.ജി.എസ് ഓഫീസിന്റെ 7/18 ലെ ടെലിഫോൺ ചാർജ് ഇനത്തിൽ നൽകിയ തുക | 728 | 728 |
| | | | 383227 |

# 3-7 ക്വട്ടേഷൻ കൂടാതെ വാങ്ങൽ നടത്തിയത് ക്രമവിരുദ്ധം

| | |
|---|---|
| പ്രോജക്ട് നം, പേര് | 137/2019, യു.പി.എസ്സിന് ബാറ്ററി വാങ്ങൽ |
| അടങ്കൽ | 76520(വികസന ഫണ്ട് -സാധാരണ വിഹിതം) |
| ചെലവ് | 76520 |
| ബിൽ നം/ തീയതി | 124/15.10.2018 |

പഞ്ചായത്ത് ആവശ്യത്തിനായി ഉപയോഗിച്ചിരുന്ന യു.പി.എസ്സ് കേടായതിനെ തുടർന്ന് കെൽട്രോണുമായി 04.08.2018ൽ കരാറിലേർപ്പെടുകയും ബൈബാക്ക് അടിസ്ഥാനത്തിൽ പുതിയ10 ട്യൂബുലാർ ബാറ്ററികൾ വാങ്ങുകയുമുണ്ടായി. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചല്ല ട്യൂബുലാർ ബാറ്ററികൾ വാങ്ങിയിട്ടുള്ളത്. ട്യൂബുലാർ ബാറ്ററികൾ കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുമില്ല. ഇു സംബന്ധിച്ച് 22.07.2019 ലെ 6-ാം നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്താഫീസിൽ ഉപയോഗിച്ച് വരുന്ന യുപിഎസ്സ് പൊടുന്നനെ പ്രവർത്തനരഹിതമായതിനാൽ പൊതുജനങ്ങളുടെ സേവനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനാണ് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ ബാറ്ററി വാങ്ങിയത് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും സ്റ്റോർ പർച്ചേയ്സ് മാനുവലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തുന്നത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പർച്ചേയ്സ് നടത്തേണ്ടതുമാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-8 അഗതി രഹിത കേരളം പദ്ധതി - ലഘു അവലോകനം

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളേയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ "അഗതി രഹിത കേരളം" പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഉമ്പമൺ ഗ്രാമപഞ്ചയാത്ത് സമർപ്പിച്ച പദ്ധതിക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കെ.എസ്.L/13100/2018 തീയതി.02.03.19 നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിരുന്നു. 70 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്ന കർമ്മ പദ്ധതിയുടെ ധന വിനിയോഗം ചുവടെ ചേർക്കും പ്രകാരമാണ് വിഭാവനം ചെയ്തിരുന്നത്.

| സേവനങ്ങൾ | വകയിരുത്തിയ തുക |
|---|---|
| ഭക്ഷണം | 1706400 |
| ചികിത്സ | 727200 |
| വീട് | 400000 |
| വിദ്യാഭ്യാസം | 46800 |
| വീട് പുനരുദ്ധാരണം | 2650000 |
| **ആകെ** | 5530400 |
| വകയിരുത്തിയ ചലഞ്ച് ഫണ്ട് | 2080800 |
| ആശ്രയ പദ്ധതിയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക | 426788 |

അംഗീകാരം ലഭിച്ച പദ്ധതിക്കായി തൻ വർഷം വികസനഫണ്ടിൽ നിന്നും 115124 രൂപ ആദ്യഗഡുവായി കൈമാറിയിട്ടുണ്ട്. എന്നാൽ 2018-19 ൽ പദ്ധതിപ്രകാരമുള്ള ആകെ ചെലവ് പോഷക കിറ്റ് വിതരണത്തിന് 201530 രൂപയും മാത്രമാണ്. ഓരോ കുടുംബത്തിനും വേണ്ടി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള പരിചരണ പാക്കേജുകൾ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 | മരുന്ന് ആവശ്യമായ വ്യക്തികൾ | 70 |
| 2 | വീട് | 01 |
| 4 | വിദ്യാഭ്യാസത്തിന് സഹായമാവശ്യമായവർ | 8 |
| 5 | വീട് അറ്റകുറ്റപ്പണി | 21 |

ഈ പരിചരണ പാക്കേജിൻ പ്രകാരമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിൽ പദ്ധതി വിജയിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിന് ഓരോ പ്രവൃത്തിക്കും പ്രത്യേകമായി ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കേണ്ടതും അതിൻ പ്രകാരം അഗതി പുനരധിവാസ പ്രവർത്തനം ക്രമീകരിക്കേണ്ടതുമാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഭരണ സമിതിയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും പദ്ധതി നിർവ്വഹണത്തിൽ അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്. പദ്ധതി പ്രവർത്തനം സമയബന്ധിതമായി വിലയിരുത്തേണ്ടതും പ്രതിമാസ റിപ്പോർട്ട് നിർദ്ദിഷ്ട ഫോറത്തിൽ കുടുംബശ്രീ സംസ്ഥാന/ ജില്ലാ മിഷനുകൾക്ക് അയച്ച് കൊടുക്കേണ്ടതുമാണ്.

## 3-9 പൊതുമരാമത്ത് പ്രവൃത്തികൾ-വകയിരുത്തിയ തുകയുടെ 60 ശതമാനം ചെലവഴിച്ചില്ല

പൊതുമരാമത്ത് പ്രവൃത്തികൾക്കായി 2018-19ൽ വകയിരുത്തിയത് 15535204രൂപയാണ് എന്നാൽ 6315611രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 40ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തനത് വരുമാനം വളരെ കുറവായ പഞ്ചായത്തിൽ യഥാസമയം പ്രവൃത്തികൾ നടപ്പാക്കാതെ ഫണ്ട് നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി(നം9/23.07.2019) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രധാന 10 പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിച്ചിരുന്ന കരാറുകാരന് ശാരീരിക സുഖമില്ലാത്തതിനാൽ യഥാസമയം പണി പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നാണ്. പ്രസ്തുത സാഹചര്യത്തിൽ ഓതറൈസേഷൻ മുഖേന പ്രവൃത്തി വേറെ കരാറുകാർക്ക് മാറ്റി നൽകാമായിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല.

കുറഞ്ഞ നിരക്കിലുള്ള എസ്റ്റിമേറ്റ് ഉണ്ടായിരുന്നതും കുറഞ്ഞ കാലയളവിൽ പൂർത്തിയാക്കാവുന്നതുമായ മിക്ക പ്രവൃത്തികൾക്കും ഒറ്റത്തവണയായി പേയ്മെന്റ് നൽകിയിട്ടില്ല. കൂടുതൽ പൊതുമരാമത്ത് പ്രവൃത്തികൾ ആവിഷ്ക്കരിച്ചതിനാൽ ഫണ്ടിന്റെ അപര്യാപ്തത ഉണ്ടാവുകയും പല പ്രോജക്ടുകളും ബഹുവർഷ പദ്ധതികളാക്കി പല ഘട്ടങ്ങളായി തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | അടങ്കൽ | ആകെ ചെലവ് തുക | ഒന്നാം ഘട്ടത്തിൽ നൽകിയ തുക | രണ്ടാം ഘട്ടത്തിൽ നൽകിയ തുക | എം ബുക്ക് നം |
|---|---|---|---|---|---|---|
| 1 | 12/2019<br>പൊൻമലേത്ത് പടി പ്രാലിൽപ്പടി പാർശ്വഭിത്തി നിർമ്മാണം | 242000 | 220773 | 142000 | 78773 | 44/17-18 |
| 2 | 13/2019<br>കളീക്കൽപ്പടി-അമ്പാട്ട് പടി-മുളക്കൽ പടി റോഡ് പുനരുദ്ധാരണം | 510000 | 456146 | 233550 | 222596 | 47/17-18 |
| 3 | 44/19 വിജയപുരം ജംഗ്ഷൻ നെയ്യുകാരൻ പടി റോഡ് നവീകരണം | 410000 | 407916 | 200000 | 207916 | 55/17-18 |
| 4 | 3/19<br>തേവർവേലിൽപ്പടി -മലപ്പുറം കോളനി റോഡ്പുനരുദ്ധാരണം | 260000 | 220068 | 160000 | 60068 | 74/17-18 |
| 5 | 40/2019<br>ആശുപത്രിപ്പടി-കാടംപ്ലാവിൽ കടവ് റോഡ് പുനരുദ്ധാരണം | 240000 | 237153 | 90000 | 147153 | 61/17-18 |

ഏകവർഷമായി ചെയ്യാവുന്നതും കുറഞ്ഞ എസ്റ്റിമേറ്റുള്ളതുമായ പ്രോജക്ടുകൾ ബഹുവർഷമായി ആവിഷ്ക്കരിച്ച് നടപ്പാക്കിയത് മൂലം പദ്ധതികൾ ഏറ്റെടുക്കാൻ കരാറുകാർ വിസമ്മതിക്കുകയും പല പ്രോജക്ടുകൾക്കും സിംഗിൾ ടെണ്ടർ മാത്രം ലഭിക്കുകയുമുണ്ടായിട്ടുണ്ട്. മേൽ വിഷയങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 നിക്ഷേപ പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

ഓഡിറ്റ് വർഷം താഴെപ്പറയുന്ന പ്രവൃത്തികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തിയാക്കിയതിന്റെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക, ചെക്ക്/ഡി.ഡി./ ചലാൻ നം | പൂർത്തീകരിച്ച വിവരം |
|---|---|---|---|

| | | | |
|---|---|---|---|
| പി.ഡബ്ല്യ.ഡി ഇലക്ട്രോണിക്സ് ഡിവിഷൻ | 140/2019 സി.സി.ടി.വി ഇൻസ്റ്റലേഷൻ | 220000 264/21.02.2019 | പൂർത്തീകരിച്ചിട്ടില്ല |
| നിർമ്മിതികേന്ദ്രം | 136/19 തുമ്പൂർമൂഴി മോഡൽ | 80000 2999302/27.03.2019 | പൂർത്തീകരിച്ചിട്ടില്ല |

ടി പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകളുടെ വിവരങ്ങൾ

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ചതും വിനിയോഗിച്ചതുമായ ഫണ്ടുകളുടെ വിനിയോഗവിവരം ചുവടെ കൊടുക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 284239 | നെൽകൃഷി വികസനം | 284239 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 310000 | ലൈഫ്-ജനറൽ വിഭാഗം-അധിക ധനസഹായം | 310000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | മുഴക്കോട്ട് ചാൽ ഇക്കോ ടൂറിസം | 0 | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 240000 | പാലിന് ഇൻസെന്റീവ് | 240000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50000 | അഗതി-ആശ്രയ പദ്ധതി | 50000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 75000 | 25000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | അനുപൂരക പോഷകാഹാര പരിപാടി | 257608 | 42392 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |

ബാക്കി നിൽക്കുന്ന തുകകൾ വരും വർഷങ്ങളിൽ ഉൾപ്പെട്ട പദ്ധതികൾക്കായുള്ള ചെലവിൽ ക്രമീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക, ചെക്ക്/ഡി.ഡി./ ചലാൻ നം | പൂർത്തീകരിച്ച വിവരം |
|---|---|---|---|
| പി.ഡബ്ല്യു.ഡി ബിൽഡിംഗ് ഡിവിഷൻ | 140/2019 സി.സി.ടി.വി ഇൻസ്റ്റലേഷൻ | 220000 264/21.02.2019 | പൂർത്തീകരിച്ചിട്ടില്ല |
| നിർമ്മിതകേന്ദ്രം | 136/19 തുമ്പൂർമൂഴി മോഡൽ | 80000 2999302/27.03.2019 | പൂർത്തീകരിച്ചിട്ടില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-9 | 2011-12 | 3.2.9 | കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാത്തത് സംബന്ധിച്ച് | വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2011-12 | 3-10 | 2011-12 | 3.2.10 | റോഡുകളുടെ പേരും ദൈർഘ്യവും രേഖപ്പെടുത്താത്തത് സംബന്ധിച്ച് | |
| 2011-12 | 3-11 | 2011-12 | 3.2.13 | കരാർ പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് | |
| 2011-12 | 3-14 | 2011-12 | 3.2.14 | റോഡ് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് | |

# 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 37188494 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30686618 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 300000 |

**(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 300000 | ശ്രീ. അൻസാരി. എസ്സ്, സെക്രട്ടറി-220000 |
| | | ശ്രീ.എം.എ. മോഹൻകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ-80000 |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേര്, ഉദ്യോഗപ്പേര് | സ്ഥിരവിലാസം | ഓഡിറ്റ് വേളയിലെ വിലാസം |
|---|---|---|
| ശ്രീ. അൻസാരി.എസ്സ് , സെക്രട്ടറി | പഴനിയിൽ പുത്തൻ വീട്, പന്മന, പുത്തൻ ചന്ത പി.ഒ, ചവറ | റിട്ടയേർഡ് |
| ശ്രീ. എം.എ. മോഹൻകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | നവനീതം, പൂതങ്കര, ഇളമണ്ണൂർ പി.ഒ | റിട്ടയേർഡ് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം* | *അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണ* |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/പി3-254/99 തീയതി:11.08.00/03.10.00 | 25(2), 25(5) |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി3-658/01 തീയതി:25.03.02 | - |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി2-624/03 തീയതി:08.01.04/05.05.04 | 10(2) |
| | | |

| | | |
|---|---|---|
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി4-385/06 തീയതി:16.09.06/05.02.07 | 2-3 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി4-122/08 തീയതി:09.10.09/20.01.09 | 3-3,3-4,3-13,3-14,3-5(6), 3-6,3-7,3-8,3-9,3-10, 3-11,<br>3-12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി4-466/09തീയതി:08.09.09/09.08.10 | 3-2, 3-5, 3-8, 3-9, 3-10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി7-786/09 തീയതി:28.08.11 | 3-5, 3-6, 3-8 മുതൽ 3-17 വരെ, 3-20 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി7-71/10 തീയതി:03.09.11 | 3-6, 3-7, 3-7,3-8, 3-9, 3-13 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-7-202/10 തീയതി:04.10.10 | 2-1, 3-4 മുതൽ 3-11 വരെ,<br>3-13,3-14,3-15 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-5-762/10 തീയതി:16.08.11 | (3-9, 3-11, 3-13, 3-15, 3-16 ,3-17) |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി-5-201/11 തീയതി:06.11.11/04.12.12 | (2-1(ബി), 3-4, 3-8, 3-9,<br>3-11) |
| 2010-11 | എൽ.എഫ്.പി.റ്റി.എ/പി5-113/12 തീയതി:15.03.12/24.04.12 | 3-2, 3-4, 3-6, 3-10(2)(3) |
| 2011-12 & 12-13 | എൽ.എഫ്.പി.റ്റി.എ/പി11-48/14 തീയതി:08.04.14/10.11.14 | 3-2, 3-4, 3-6, 3-10(2)(3)(2-4, 3-2(2), 3-2(3), 3-2(4), 3-2(5), 3-2(6), 3-2(7), 3-4(1), 3-18 )(2-2(3), 2-3, 2-4, 3-2(2), 3-6, 3-9 ) |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി6-421/15തീയതി:08.6.15 | (2-2(3), 2-3, 2-4, 3-2(2),<br>3-6, 3-9) |
| 2014-15 | കെ.എസ്.എ.പി.റ്റി.എ/പി11848/16<br>തീയതി:26.7.16 | (3-1, 3-8, 3-9, 4-2) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ / പി11/1360/16തീയതി:09.12.16 | (2-1, 2-3, 2-5, 3-6, 3-7,<br>3-8, 3-10, 4-1) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ / പി11/1360/16തീയതി:09.12.16 | 1-3,2-1,2-2,2-3,2-4,3-4,<br>3-5,3-9,3-11, 4-1,4-7,4-8 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ / പി11/1384/18തീയതി:24.10.2018 | 1-13,2-2,2-3,2-5,3-4,3-5<br>,3-6,3-7,3-8,3-9,3-11,3-12, 3-13,3-15,3-17,3-19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി1.602(43) തീയതി.08.07.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട**

No.KSA.PTA.P1.602(43) Date: 08.07.19.

## CERTIFICATE

Certified that I have examined the Annual Financial Statement of **Thumpamon Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Thumpamon Grama Panchayat** for the year 2018-19 except the obeservations in para 1-12 of my report properly presents the picture of income and expenditure.

Deputy director

Kerala State Audit Department Pathanamthitta